**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 563**

**09.02.2016 - ൽ മറുപടി നൽകേണ്ടിയിരുന്നത്.**

## വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എം. തോമസ് ഐസക്<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ. രാധാകൃഷ്ണൻ. | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി)** |
| (എ) എറണാകുളത്തെ വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) : ഉണ്ട്.<br>വ്യവസായ വകുപ്പിന്റെ അധീനതയിൽ എറണാകുളത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ നല്ല രീതിയിലാണ് പ്രവർത്തിച്ചു വരുന്നത്. ഇവിടെ MSME ആക്ട് പ്രകാരം ഇ.എം. പാർട്ട് 2 അക്നോളജ്മെന്റ് നൽകി സ്വകാര്യ മേഖലിയിൽ 9705 യൂണിറ്റുകൾ 210183.52 ലക്ഷം രൂപ നിക്ഷേപത്തിൽ പ്രവർത്തിക്കുന്നുണ്ട്. സിഡ്കോയുടെ കീഴിൽ ഇവിടെ പ്രവർത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളായ മുടിക്കൽ, അങ്കമാലി, വാഴക്കുളം സൗത്ത്, കോതമംഗലം, രായമംഗലം, പിറവം, ഇടത്തല എന്നിവിടങ്ങളിൽ 91 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൈത്തറി മേഖലയിൽ 21 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 13 എണ്ണം പ്രവർത്തനക്ഷമമാണ്.<br>കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വൻപുരോഗതി | (ബി) : ഉണ്ട്.<br>സ്വകാര്യ മേഖലയിൽ എറണാകുളം |

കൈവരിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ പലതും പൂർണ മായും അടച്ചുപൂട്ടപ്പെട്ടതും അടച്ചു പൂട്ടലിന്റെ ഘട്ടത്തിലേക്ക് എത്തപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; വിശദമാക്കുമോ ;

ജില്ലയിൽ 18 വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടി.

എറണാകുളത്ത് സിഡ്കോയുടെ 91 യൂണിറ്റുകളിൽ 4 യൂണിറ്റുകൾ മാത്രമാണ് പ്രവർത്തനരഹിതമായി ട്ടുള്ളത്. കെ.എസ്.ഐ.ഡി.സി-യുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച സ്ഥാപനങ്ങളിൽ 2 സ്ഥാപനങ്ങൾ അടച്ചുപൂട്ടി. വിപണനം, സാമ്പത്തികം, മാനേജ്മെന്റിന്റെ തെറ്റായ തീരുമാനങ്ങൾ എന്നിവ മൂലമാണ് അടച്ചുപൂട്ടിയത്.

(സി) ഇവയെ സംരംക്ഷിച്ച് നിർത്തു ന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും സാദ്ധ്യമാ യില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നു എന്നും വിശദമാക്കാമോ ?

(സി) : അടച്ച് പൂട്ടിയ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനായി വായ്പ പുനക്രമീകരിക്കൽ, ഒറ്റത്തവണ തീർപ്പാക്കൽ, കൈത്താങ്ങ് സഹായം എന്നിവ നൽകി വരുന്നു.

സെക്ഷൻ ഓഫീസർ.